**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 224** **23-01-2025 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജനറൽ ആശുപത്രിയിൽ സീനിയർ ഓർത്തോ കൺസൾട്ടന്റ് തസ്തിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. എ. നെല്ലിക്കുന്ന് | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 12. 11 .2022-ലെ ഇഎ1/4391/2022 നമ്പർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോഗ്യവകുപ്പ് ഡയറക്ടറുടെ 12.11.2022-ലെ ഇഎ1/4391/2022 നമ്പർ നടപടിക്രമ പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിയിൽ MACT മെഡിക്കൽ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ടി കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഡോ.മഹേഷ് ആർ പി കൺസൾട്ടന്റ് (ഓർത്തോ) യെ എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ചകളിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ മറ്റൊരു ഡോക്ടർ ചുമതല ഏൽക്കുന്നത് വരെ നിയമിച്ചിട്ടുള്ളതാകുന്നു. |
| (ബി) | പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കാമോ; | (ബി) | പ്രസ്തുത ഉത്തരവിൽ പറഞ്ഞിട്ടുള്ള കാര്യങ്ങൾ പ്രാവർത്തികമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം കാസർഗോഡ് ജനറൽ ആശുപത്രിയിൽ MACT മെഡിക്കൽ ബോർഡിൽ നിയോഗിച്ചിട്ടുള്ള ഡോ.മഹേഷ് ആർ പി കൺസൾട്ടന്റ് (ഓർത്തോ) മെഡിക്കൽ ബോർഡ് നടത്തിപ്പിനായി എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ചകളിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഹാജരാകുന്നുണ്ട് |
| (സി) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ നിലവിൽ സീനിയർ ഓർത്തോ കൺസൾട്ടന്റ് തസ്തിക ഉണ്ടോ; എങ്കിൽ തസ്തികയിൽ ഇപ്പോൾ കൺസൾട്ടന്റ് പ്രവർത്തിക്കുന്നുണ്ടോയെന്നും ഇല്ലെങ്കിൽ എത്രകാലമായി തസ്തിക ഒഴിഞ്ഞു കിടക്കുന്നുവെന്നും വ്യക്തമാക്കാമോ; | (സി) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ സീനിയർ കൺസൾട്ടന്റ് (ഓർത്തോ) തസ്തിക നിലവിലില്ല. കൺസൾട്ടന്റ് (ഓർത്തോ) തസ്തിക 25/10/2022 മുതൽ ഒഴിഞ്ഞു കിടക്കുന്നുണ്ട്. പ്രസ്തുത ഒഴിവ് സ്ഥാനക്കയറ്റം മുഖേന നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | സീനിയർ ഓർത്തോ കൺസൾട്ടന്റ് ഇല്ലാത്തതിനാൽ MACT, മെഡിക്കൽ ക്യാമ്പ് തുടങ്ങിയ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എങ്കിൽ ഉദ്ദേശിക്കുന്ന പരിഹാര നടപടികൾ വിശദമാക്കാമോ? | (ഡി) | കാസർഗോഡ് ജനറൽ ആശുപത്രിയിൽ MACT മെഡിക്കൽ ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിനു വേണ്ടിയാണ് കണ്ണൂർ ജില്ലാ ആശുപത്രിയിലെ ഓർത്തോപീഡിക്സ് വിഭാഗം കൺസൾട്ടന്റ് ഡോ.മഹേഷ് ആർ പി യെ എല്ലാ മാസവും മൂന്നാമത്തെ ബുധനാഴ്ചകളിൽ കാസർഗോഡ് ജനറൽ ആശുപത്രിയിൽ മറ്റൊരു |

| | | | |
|---|---|---|---|
| | | | ഡോക്ടർ ചുമതല ഏൽക്കുന്നത് വരെ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് ഇപ്പോഴും നിലനിൽക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ